കൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ ഇതിനുവേണ്ടി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിഗണനയിലാണ്. വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം സംബന്ധിച്ച പഠനം നടത്തി, അവർക്കെതിരെ നിയന്ത്രണമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

56 (1020) കെ.എസ്.ആർ.ടി.സി.യുടെ നവീകരണം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വികസനത്തിനും നവീകരണത്തിനുമായി ഈ സാമ്പത്തികവർഷം നടപ്പാക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിനുവേണ്ടി എന്തു തുക വീകയിരുത്തിയിട്ടുണ്ട്;

(സി) നടപ്പുവർഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസുകൾ റോഡിലിറക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി കഴിയുന്നത്ര ബസുകൾ നിരത്തിലിറക്കുക. നഷ്ടത്തിലോടുന്ന റൂട്ടുകൾ പുനഃക്രമീകരിച്ച് ഏറ്റവും തിരക്കുള്ള റൂട്ടിലും സമയത്തും ഓടിക്കുക, പഴയ ബസുകൾ നിരത്തിൽ നിന്നും പിൻവലിക്കുക, വർക്കുഷോപ്പു ജോലികൾ എളുപ്പമുള്ളതാക്കുവാൻ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുക, ദേശവൽക്കൃത മേഖലയിൽ ഊന്നൽ നൽകി പ്രസ്തുത മേഖലയിലും നാഷണൽ ഹൈവേയിലും കൂടുതൽ സർവ്വീസുകൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ലക്ഷ്യമിട്ടിരിക്കുന്നു.

(ബി) 90 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി പരമാവധി ബസുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നു.

57 (1021) കെ.എസ്.ആർ.ടി.സി. ലാഭകരമാക്കാൻ നടപടി

ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഒരു ബസ് ഒരു കിലോമീറ്റർ ഓടുമ്പോൾ ശരാശരി എത്ര രൂപ വരുമാനം കിട്ടുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly